ശ്രീ. ആർ. ശങ്കർ : വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരുടെ അനുഭവവും, ഗവണ്മെൻറിൻെറ അനുഭവവും, ഗവണ്മെൻറിനു് ഇതു സംബന്ധിച്ചു കിട്ടിയിട്ടുള്ള നിവേദനങ്ങളും വച്ചുകൊണ്ടാണു് ഇങ്ങനെ തീരുമാനിച്ചതു്.

ശ്രീ. സി. അച്യുതമേനോൻ : ഡിപ്പാർട്ടുമെൻറിൻെറ പുനഃസംഘടന തൃപ്തികരമല്ലെന്നു്, വിദ്യാഭ്യാസ മേലദ്ധ്യക്ഷൻെറ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ? വിദ്യാഭ്യാസോപദേശകക്കമ്മിറ്റിയുടെ ശുപാർശ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : എഡ്യൂക്കേഷൻ അഡൈ്വസറി കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാണു് ഈ നടപടി സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. കെ. കൃഷ്ണപിള്ള : ഡയറക്ടറുടെ അധികാരം റീജിയണൽ ഡയറക്ടർമാർക്കു നൽകിയതുമൂലം പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രയോജനം ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ ; റീജിയണൽ ഡയറക്ടർമാർക്കു് അങ്ങനെ അധികാരം വിട്ടുകൊടുത്തതുമൂലം ഉദ്ദേശിച്ച പ്രയോജനം ഉണ്ടായിട്ടില്ലെന്നാണു കാണാൻ കഴിഞ്ഞതു്.

Mr. Speaker : Question No. 5; An identical question has been already answered. Question No. 6.

പുതിയതായി ആരംഭിക്കുന്ന സ്കൂളുകൾ

* 266. (6] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്തവർഷം പുതുതായി സ്കൂളുകൾ ആരംഭിക്കുന്നുണ്ടോ ;

(ബി) 3-ാം പദ്ധതിയിൽ തുറക്കേണ്ട സ്കൂളുകൾ എല്ലാം തുറന്നു കഴിഞ്ഞോ ;

(സി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും എത്ര വീതം പുതുതായി തുറക്കാനുദ്ദേശിക്കുന്നു ;

(ഡി) ഇതുമൂലം ഗവണ്മെൻറിനു് എന്തധികച്ചിലവു വരുമെന്നു കണക്കാക്കിയിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി, ഡി) തീരുമാനിച്ചിട്ടില്ല.

Mr. Speaker : Question Nos. 24 and 40 may also be answered

പുതുതായി ആരംഭിക്കുന്ന സ്കൂളുകളും കോളേജുകളും

* 267. [24] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-ൽ എത്ര പുതിയ ഗവണ്മെൻറു് സ്കൂളുകളും കോളേജുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു ;

(ബി) എവിടെയെല്ലാം ;

(സി) ഏതെല്ലാം സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യാൻ ഉദ്ദേശിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ, ബി, സി) ഈ കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly